# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേളൂക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി15)1073/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020
തീയ്യതി: 27/11/2021
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേളൂക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി15)1073/2021 തീയ്യതി: 27/11/2021

## തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 27-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 15-07-2021 | 30-07-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2021 | 29-07-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ശിവൻ പി.എ ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)
ശ്രീമതി.ബിത ടി.എസ്,ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുമിത ടി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രഞ്ചിത്ത് പി.ആർ,ഓഡിറ്റർ
ശ്രീ.സിജോ ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഇന്ദിര തിലകൻ | പ്രസിഡന്റ് | 01-04-2019 | 30-11-2019 |
| ശ്രീമതി.ഉജിത സുരേഷ് | പ്രസിഡന്റ് | 01-12-2019 | 31-03-2020 |
| ശ്രീ.ഉണ്ണികൃഷ്ണൻ.വി.എ) | സെക്രട്ടറി | 01-04-2019 | 26-06-2019 |
| ശ്രീമതി.രജനി.എം.കെ,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-06-2019 | 21-07-2019 |
| | | 22-07-2019 | 09-08-2019 |

| | | | |
|---|---|---|---|
| ശ്രീമതി.മിനി.സി.എസ് | സെക്രട്ടറി | | |
| ശ്രീമതി.രജനി.എം.കെ,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-08-2019 | 13-08-2019 |
| ശ്രീമതി.സുജാത.പി | സെക്രട്ടറി | 14-08-2019 | 28-10-2019 |
| ശ്രീ.സജീവ്കുമാർ കെ.ബി | സെക്രട്ടറി | 29-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രജനി. എം.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ബീന. പി .ബി | വി.ഇ.ഒ കൊറ്റനെല്ലൂർ | 01-04-2019 | 31-03-2020 |
| അനൂപ്. സി.എം | വി.ഇ.ഒ നടവരമ്പ് | 01-04-2019 | 10-10-2019 |
| ദീപ കെ.യു | വി.ഇ.ഒ നടവരമ്പ് | 11-10-2019 | 31-03-2020 |
| ശ്രുതി എൻ സുബ്രഹ്മണ്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-08-2019 |
| ബിന്ദു എം.യു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-09-2019 | 31-03-2020 |
| തോമസ് പി.ഒ | കൃഷി ഓഫീസർ | 01-04-2019 | 13-05-2019 |
| ധന്യ.വി | കൃഷി ഓഫീസർ | 14-05-2019 | 31-03-2020 |
| ഡോ.കെ.വി ഷിബു | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| മരിയ സ്റ്റെല്ല പി.എഫ് | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 30-09-2019 |
| ബേബി കെ.എൽ | ഹെഡ് മിസ്ട്രസ്സ് | 01-10-2019 | 31-03-2020 |
| ബീന.കെ.ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 11-04-2019 |
| ഐശ്വര്യമോൾ ഫ്രാൻസിസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-04-2019 | 31-03-2020 |
| ഡോ.തനൂജ.കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.പ്രശോഭ് കുമാർ കെ.സി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.സ്മിത.ടി.വി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഇഷ മുരളി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 08-12-2019 |
| അരുൺ.പി.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-12-2019 | 31-03-2020 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 25-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 30-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sumitha T.S (Asst. Audit Officer, On 27-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 29-07-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sumitha T.S (Asst. Audit Officer, On 27-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 30-07-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sumitha T.S (Asst. Audit Officer, On 28-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 06-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Bita.T.S (Audit Officer (HG), On 23-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 29-07-2021) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി<br>Written By: Bita.T.S (Audit Officer (HG), On 23-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 06-11-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Ranjith P.R (Auditor, On 23-07-2021)<br>Last Updated By: Ranjith P.R (Auditor, On 23-07-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Ranjith P.R (Auditor, On 28-07-2021)<br>Last Updated By: Ranjith P.R (Auditor, On 28-07-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.A.Sivan (Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 23-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 08-11-2021) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 27-11-2021) | 1-11 |
| 12 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 08-11-2021) | 1-12 |
| 13 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Sumitha T.S (Asst. Audit Officer, On 29-07-2021) | 1-13 |
| 14 | വസ്തുനികുതി റസിഡൻഷ്യൽ കുടിശ്ശിക-രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 30-07-2021) | 1-14 |
| 15 | വസ്തുനികുതി നോൺ റസിഡൻഷ്യൽ കുടിശ്ശിക-രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 30-07-2021) | 1-15 |
| 16 | ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 30-07-2021) | 1-16 |
| 17 | വസ്തുനികുതി മുൻകൂർ-സഞ്ചയയും ബാലൻസ് ഷീറ്റും തമ്മിൽ | 1-17 |

| | | |
|---|---|---|
| | പൊരുത്തപ്പെടുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 30-07-2021) | |
| 18 | വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-18 |
| 19 | രേഖകളില്ലാതെ ജേണൽ എൻട്രികൾ -ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും<br>Written By: Bita.T.S (Audit Officer (HG), On 29-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-07-2021) | 1-19 |
| 20 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Sumitha T.S (Asst. Audit Officer, On 16-08-2021) | 1-20 |
| 21 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 06-11-2021) | 1-21 |
| 22 | ജേണൽ വൌച്ചർ-ആധികാരിക രേഖകൾ ഇല്ല.<br>Written By: Bita.T.S (Audit Officer (HG), On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-22 |
| 23 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തെറ്റായ രേഖപ്പെടുത്തൽ<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-23 |
| 24 | Capital Contribution-തൻ വർഷത്തെ പ്രവൃത്തികളുടെ മൂല്യം ഉൾപ്പെടുത്തിയില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-24 |
| 25 | അപാകത പരിഹരിക്കുന്നതിനായി തിരിച്ചയച്ച ഫയലുകളിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.<br>Written By: Sijo Thomas (Auditor, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 27-11-2021) | 1-25 |
| 26 | ലൈസൻസ് - അപാകതകൾ<br>Written By: Sijo Thomas (Auditor, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-26 |
| 27 | നിലവിലുള്ള കെട്ടിടത്തിന്റെ തരം മാറ്റൽ -എക്സ്റ്റൻഷനായി നൽകിയ പെർമ്മിറ്റ് പരിശോധനാ വിധേയമാക്കേണ്ടതാണ്.<br>Written By: Sijo Thomas (Auditor, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 27-11-2021) | 1-27 |
| 28 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ<br>Written By: Ranjith P.R (Auditor, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-28 |
| 29 | മൊബൈൽ ടവറിന് പെർമ്മിറ്റ് നൽകൽ-തുടർ നടപടി ഇല്ല.<br>Written By: Sijo Thomas (Auditor, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-29 |
| 30 | വസ്തു നികുതി- സഞ്ചയയിൽ കെട്ടിടങ്ങളുടെ അസ്സസ്സ്മെന്റ് പൂജ്യം ആയി കാണുന്നു<br>Written By: Ranjith P.R (Auditor, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 27-11-2021) | 1-30 |
| 31 | തൊഴിൽ നികുതി - ജീവനക്കാരുടെ തൊഴിൽ നികുതി രണ്ടാം അർദ്ധവർഷത്തിൽ ഈടാക്കിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 27-11-2021) | 1-31 |
| 32 | തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല<br>Written By: Ranjith P.R (Auditor, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 27-11-2021) | 1-32 |
| 33 | ഉടമ്പടി പ്രകാരം പഞ്ചായത്തിന് സൌജന്യമായി ലഭിച്ച സ്ഥലം പാട്ടത്തിന് നൽകാനെടുത്ത ഭരണസമിതി തീരുമാനം - പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് അനുസൃതമല്ല<br>Written By: P.A.Sivan (Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 27-11-2021) | 1-33 |
| 34 | എസ് എസ് കെ ക്ക് വിഹിതം നൽകൽ- എസ് സി & ജനറൽ | 1-34 |

| | | |
|---|---|---|
| | പദ്ധതികൾ -കൃത്യമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 27-11-2021) | |
| 35 | എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകൽ- അംഗീകാരമില്ലാത്ത കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥിക്ക് നൽകി.<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 27-11-2021) | 1-35 |
| 36 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ- മരുന്ന് വാങ്ങൽ -മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-36 |
| 37 | പെയിൻ ആന്റ് പാലിയേറ്റീവ് -ഹോംകെയർ ടീമിനുള്ള ഭക്ഷണ ചെലവ് തുക ഹോട്ടലിന് നൽകേണ്ടതിനു പകരം ആശാ വർക്കറുടെ അക്കൗണ്ടിലേക്ക് നൽകി.<br>Written By: Sumitha T.S (Asst. Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 27-11-2021) | 1-37 |
| 38 | മോണിറ്ററിങ് റിപ്പോർട്ട് ഫയലിലില്ല-വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതിന്റെ രേഖപ്പെടുത്തലില്ല<br>Written By: P.A.Sivan (Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-38 |
| 39 | കുഴിച്ചെടുത്ത മണ്ണ് ലേലം നടത്തിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-39 |
| 40 | പദ്ധതി നിർവഹണവും പദ്ധതിച്ചെലവും<br>Written By: P.A.Sivan (Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-40 |
| 41 | നിർവഹണ ഉദ്യോഗസ്ഥൻ കരാറുകാരുമായി ചമച്ചിട്ടുള്ള കരാർ ആധികാരികമല്ല<br>Written By: P.A.Sivan (Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-41 |
| 42 | ആസ്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിച്ചിട്ടില്ല.<br>Written By: P.A.Sivan (Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-42 |
| 43 | ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് സർക്കാർ ഉത്തരവിനനുസൃതമല്ലാതെ തനതുഫണ്ടിൽ നിന്നും അടവാക്കുന്നു<br>Written By: P.A.Sivan (Audit Officer, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-43 |
| 44 | ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തനങ്ങൾക്കായി ആവിഷ്ക്കരിച്ച പദ്ധതി നടപ്പാക്കിയില്ല.<br>Written By: Bita.T.S (Audit Officer (HG), On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-44 |
| 45 | കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്;അധികവിഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 31-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-45 |
| 46 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയതിലുള്ള അപാകത<br>Written By: Ranjith P.R (Auditor, On 29-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-46 |
| 47 | ഭവന നിർമ്മാണം, പുനരുദ്ധാരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 30-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 1-47 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

| | | |
|---|---|---|
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 20-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 20-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Bita.T.S (Audit Officer (HG), On 28-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 28-07-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Bita.T.S (Audit Officer (HG), On 20-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Bita.T.S (Audit Officer (HG), On 20-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Bita.T.S (Audit Officer (HG), On 28-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 28-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 28-07-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 28-07-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bita.T.S (Audit Officer (HG), On 20-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Bita.T.S (Audit Officer (HG), On 20-07-2021)<br>Last Updated By: Jayan VS (Auditor, On 09-11-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 07.02.19 ലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് പ്രതീക്ഷിതവരവ് 177959073 രൂപയും, ചെലവ് 160754010 രൂപയുമാണ്. ഇതിനെ തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 16.02.19 ലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 05.03.20 ലെ തീരുമാനം 4(1) പ്രകാരം പഞ്ചായത്ത് ഭരണസമിതി 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരുമാനം 197410842 രൂപയും പ്രതീക്ഷിത ചെലവ് 192891337 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 9-6-2020 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 24198370 |
| ഓഡിറ്റ് വർഷത്തെ വരവ് | 73355600 |
| ആകെ | 97553970 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 75919475 |
| നീക്കിയിരിപ്പ് | 21634495 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ)-ACR പ്രകാരം | 0 | 15558941 | 15558941 | 12016873 | 3542068 |
| വികസനഫണ്ട് (എസ്.സി.പി)ACR പ്രകാരം | 0 | 14528118 | 14528118 | 9474310 | 5053808 |
| വികസനഫണ്ട് (ടി.എസ്.പി)ACR പ്രകാരം | 0 | 144000 | 144000 | 144000 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ACR പ്രകാരം | 0 | 9840426 | 9840426 | 2994048 | 6846378 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ്ACR പ്രകാരം | 0 | 21531000 | 21531000 | 16688765 | 4842235 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്ACR പ്രകാരം | 0 | 3801000 | 3801000 | 1542355 | 2258645 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 297 | 103543368 | 171 | 59608980 | 119 | 7 | 57.57% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2959 | 1061502 | 1064461 | 1052948 | 11513 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9559140 | 9559140 | 9559140 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1966200 | 361 |
| വിധവാപെൻഷൻ | 5165400 | 896 |
| വാർദ്ധക്യകാലപെൻഷൻ | 12991500 | 2274 |
| വികലാംഗപെൻഷൻ | 1646300 | 284 |
| അവിവാഹിത പെൻഷൻ | 658200 | 115 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-07-2021 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17368/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമപഞ്ചായത്തിന്റെ നികുതിയിനത്തിലുള്ള വരുമാനം ഏറെക്കുറെ വാർഷികകണക്കുമായി ഒത്തുപോകുന്നതാണ്
2.ഓഡിറ്റ് അന്വേഷണങ്ങളോട് വളരെ ക്രിയാത്മകമായ സമീപനമാണ് കൈകൊണ്ടിട്ടുള്ളത്.

3.രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തിയാൽ വരും വർഷങ്ങളിൽ ഓഡിറ്റ് നിരീക്ഷണങ്ങളെ ഗണ്യമായി കുറക്കുവാൻ സാധിക്കുന്നതാണ്.

4.ഗ്രാമപഞ്ചായത്തിന് ഉടമ്പടി പ്രകാരം സൗജന്യമായി ലഭിച്ച സ്ഥലം സാംസ്കാരികസ്ഥാപനത്തിന് 99 വർഷത്തേക്ക് പാട്ടത്തിന് നൽകുവാൻ എടുത്ത ഭരണസമിതി തീരുമാനം കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് അനുസൃതമല്ല.

5.കുഴിച്ചെടുത്ത മണ്ണ് യഥാസമയം ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാത്തത് ആഭ്യന്തരനിയന്ത്രണത്തിലുള്ള അപാകതയാണ്.

6. ഗ്രാമപഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സിനെ സംബന്ധിച്ച ബൈലോ അപാകതകൾ നിമിത്തം പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭ്യമാകാത്തത് വരുമാനനഷ്ടത്തിന് കാരണമാകുന്നു.
7.ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ് ഒടുക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമായി ഗ്രാമപഞ്ചായത്ത് സർക്കാർ ഉത്തരവിനനുസൃതമല്ലാത്തവിധം ചെലവ് ചെയ്യുന്നുണ്ട്. ഇതിനൊരു ക്രമീകരണമുണ്ടാവേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 15.07.2021 മുതൽ 16.07.2021 വരെ | 2021 ജനുവരി ഫെബ്രുവരി, മാർച്ച് | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറൽ | 27.01.2014 മുതൽ 10.02.2014 വരെ | 2008-09 മുതൽ 2012-13 വരെ | 29.11.2017 |

## 1-11 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ് ))

## 1-12 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**2.1 തൻവർഷം**

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3015432 | 2825016 | 128226 | 66630 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3015432 | 2825016 | 35376 | 66630 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *(70126 /105X100)= 66787<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

## 1-13 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1827890 | 1737063 | 41576 | 52855 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1827890 | 1733571 | 10423 | *52855 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *( 55522 /105X100)<br>52878 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

## 1-14 വസ്തുനികുതി റസിഡൻഷ്യൽ കുടിശ്ശിക-രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**കുടിശ്ശിക**

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 56358 | 44244 | 12149 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 44472<br>* | 44244 | **12149 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(28484+18212=46696/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (12769/105X100)=12161<br>ചെറിയ തുക വ്യത്യാസം, റൌണ്ട് |

| | | | |
|---|---|---|---|
| | | | ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

## 1-15 വസ്തുനികുതി നോൺ റസിഡൻഷ്യൽ കുടിശ്ശിക-രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 112014 | 71185 | 43564 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 93188 | 71185 | 43564 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*<br>(43292+54556=97848/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **<br>(45752/105X100)=43573ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-16 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

**ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)**

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 153969 | 2901 | 156870 | 143474 | 2246 | 145720 | 7136 | 0 | 3496 | 620 | 4405 |
| | നോൺ-റെസിഡൻഷ്യൽ | 92646 | 8502 | 101148 | 87436 | 3579 | 91015 | 2196 | 0 | 2667 | 2188 | 4904 |
| | ആകെ | | | 258018 | | | 236735 | 9332 | 0 | 9309 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 255175 | | | 236735 | | | 0 | 0 | 8769 | | |
| | | 6883+ 248292=(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/Levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State Govt . Cess/Levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-17 വസ്തുനികുതി മുൻകൂർ-സഞ്ചയയും ബാലൻസ് ഷീറ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 4577 | 4361 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 3257 | 3101 |

## 1-18 വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-2020 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ

പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ വേളൂക്കര ഗ്രാമപഞ്ചായത്തിൽ 269 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-2020 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തെ ഡിമാന്റ് 10.07.2019 & 31.03.2020 തീയതികളിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 രേഖകളില്ലാതെ ജേണൽ എൻട്രികൾ -ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 72550 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 11995 |
| 280200401-Prior Period Income-Other Income | (164000) |
| 280800501-Prior Period- Programme Expenses | 107263 |
| 280100102-Prior Period Income-Profession Tax Traders/Employees | (9260) |
| 280200201-Prior Period Income-License Fees | (500) |
| 280800401-Prior Period -Interest&Finance Charges | (215) |
| 280800701-Prior Period -Miscellaneous Expenses | (302440) |

## 1-20 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2563875.00 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6201325.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-21 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-22 ജേണൽ വൌച്ചർ-ആധികാരിക രേഖകൾ ഇല്ല.

കാഷ് അല്ലെങ്കിൽ ബാങ്ക് / ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്.

## 1-23 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തെറ്റായ രേഖപ്പെടുത്തൽ

31/3/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 108909 രൂപ യാണ്. 2019-20 ൽ പ്രസ്തുത പ്രവൃത്തിയുടെ (പദ്ധതി നമ്പർ-173/20-വിവിധ റോഡുകളുടെ മെറ്റലിംഗും ടാറിങ്ങും) ഫൈനൽ ബിൽ നൽകി പൂർത്തീകരിച്ചുവെങ്കിലും 2020-21 ലാണ് തുക Capital Work In Progress എന്ന ശീർഷകത്തിൽ നിന്ന് മാറ്റി ചെലവായി ആസ്തിയിൽ ഉൾപ്പെടുത്തിയത്.

## 1-24 Capital Contribution-തൻ വർഷത്തെ പ്രവൃത്തികളുടെ മൂല്യം ഉൾപ്പെടുത്തിയില്ല.

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് (69,143,102/-) 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution"എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-25 അപാകത പരിഹരിക്കുന്നതിനായി തിരിച്ചയച്ച ഫയലുകളിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

1. ഫയൽ നമ്പർ-എ6-4248/19-20

ശ്രീ.സന്തോഷ് കുമാർ, അപ്പുറത്ത്, എന്ന വ്യക്തിയുടെ 163.76 എം$^2$ പാർപ്പിട കെട്ടിടത്തോടു ചേർന്ന് 12.69 എം$^2$ കെട്ടിടം പണിയുന്നതിന് 2019-20 വർഷത്തിൽ പെർമ്മിറ്റ് അനുവദിച്ചിരുന്നു. ഫയൽ നമ്പർ എ3-1092/21 ആയി 3.2.2021 ൽ ടിയാൻ പണി പൂർത്തീകരിച്ച് നമ്പറിങ്ങിനായി അപേക്ഷ സമർപ്പിച്ച സമയത്ത് നടത്തിയ സ്ഥല പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ഉള്ളതിനാൽ അവ പരിഹരിക്കുവാൻ ആവശ്യപ്പെട്ട് എ3-1092/21/17.2.2021 ആയി ടിയാന് കത്ത് നൽകി.

1. KPBR 2019 റൂൾ 26(5) പ്രകാരം 2 കെട്ടിടങ്ങൾ തമ്മിൽ 2 മീറ്റർ അകലം പാലിച്ചിട്ടില്ല.

2.റൂൾ 42 – വൈകല്യമുള്ള വ്യക്തികൾക്കുള്ള ടോയ്‌ലറ്റ്, റാംപ് എന്നിവ ഇല്ല.

3.മഴ വെള്ള സംഭരണി ഇല്ല.

4.റൂൾ 34 – യൂറിനൽ, വാഷ് ബെയ്സിൻ എന്നിവ ഇല്ല.

നാളിതു വരെ ടിയാൻ അപാകത പരിഹരിച്ച് അപേക്ഷ പുന:സമർപ്പിച്ചിട്ടില്ല.

2.ഫയൽ നമ്പർ-എ3-1308/19

ശ്രീമതി.റംല, കൊടകരപ്പറമ്പിൽ, കൊറ്റനല്ലൂർ എന്ന വ്യക്തി സമർപ്പിച്ച ബിൽഡിങ്ങ് റഗുലറൈസേഷൻ ഫയലിൽ അപാകതകൾ ഉള്ളതിനാൽ 7.5.2019 ൽ ടിയാൾക്ക് അപാകത പരിഹരിക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നാളിതുവരെ അപാകത പരിഹരിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ-13/26.07.2021)
3.ഫയൽ നമ്പർ-എ6-3410/20

അവിട്ടത്തൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ഒക്യുപ്പൻസി മാറ്റുന്നതിനായി സമർപ്പിച്ച ഫയൽ പരിശോധിച്ചതിൽ നിലവിൽ ഉണ്ടായിരുന്ന കടമുറികൾ ബാങ്ക് ആയി പ്രവർത്തിക്കുന്നതിനായാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. പ്ലാൻ പരിശോധിച്ചതിൽ 68.91 എം$^2$ ആണ് നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം ആയി രേഖപ്പെടുത്തിയിരിക്കുന്നത്. 8/292 നമ്പറിലുള്ള പ്രസ്തുത കെട്ടിടത്തിന്റെ നിലവിലുണ്ടായിരുന്ന നികുതി നിർണ്ണയിച്ച സ്റ്റേറ്റ്മെന്റ് (സഞ്ചയ ഫോറം നമ്പർ-6) പരിശോധിച്ചതിൽ 42 എം$^2$ വിസ്തീർണ്ണമുള്ള കടമുറി ആയാണ് പ്രസ്തുത കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇതിൽ നിന്നും എക്സ്റ്റൻഷൻ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാണ് ആയത് പ്ലാനിലോ, അപേക്ഷയിലോ, സൈറ്റ് പരിശോധനയിലോ രേഖപ്പെടുത്തിയിട്ടില്ല. 26.8.2019 ലെ ഓവർസിയറുടെ റിപ്പോർട്ടിൽ KPBR ചട്ടം 27(5) പ്രകാരമുള്ള പാർശ്വാങ്കണങ്ങൾ കെട്ടിടത്തിന് ലഭ്യമല്ല എന്നും ചട്ടം 56(7) പ്രകാരമുള്ള ശുചീകരണ സൗകര്യങ്ങൾ പ്ലാനിൽ ഇല്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് ഇത് സംബന്ധിച്ച് നൽകിയ കത്ത് ഫയലിൽ ലഭ്യമല്ല. (ഓഡിറ്റ് എൻക്വയറി നമ്പർ-13/26.07.2021)

മേൽ ഫയലുകളിൽ അപാകത പരിഹരിച്ച് കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 W വകുപ്പ് പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ലൈസൻസ് - അപാകതകൾ

31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ. എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് ലൈസൻസ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് പിരിച്ചിട്ടുണ്ടെങ്കിലും അപേക്ഷകളിലോ അനുബന്ധ രേഖകളിലോ മൂലധന നിക്ഷേപം സംബന്ധിച്ച യാതൊരു വിധത്തിലുള്ള വിവരവും രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ഏത് മാനദണ്ഡപ്രകാരമാണ് ടി ലൈസൻസ് തുക പിരിച്ചത് എന്നതിൽ വ്യക്തതയില്ല.

## 1-27 നിലവിലുള്ള കെട്ടിടത്തിന്റെ തരം മാറ്റൽ -എക്സ്റ്റൻഷനായി നൽകിയ പെർമ്മിറ്റ് പരിശോധനാ വിധേയമാക്കേണ്ടതാണ്.

ഫയൽ നമ്പർ-എ3-1236/3.9.2019

ശ്രീ .മാർട്ടിൻ പറപ്പുള്ളി ,കുടപ്പശ്ശേരി എന്ന വ്യക്തി സ്പെഷ്യൽ റസിഡൻഷ്യൽ എന്ന വിഭാഗത്തിലുലുള്ള കെട്ടിടത്തിന് എക്സ്റ്റൻഷനായി പെർമ്മിറ്റിന് അപേക്ഷ സമർപ്പിക്കുകയും, പെർമ്മിറ്റ് അനുവദിക്കുകയും ചെയ്തു. ഫയൽ പരിശോധിച്ചതിൽ നിലവിലുള്ള കെട്ടിടത്തിന് 8/225 ആയി നമ്പർ നൽകിയത് ആശുപത്രി ആയി കണക്കാക്കി ഒരു സ്ക്വയർ മീറ്ററിന് 6 രൂപ നിരക്കിലാണ്. പ്രസ്തുത കെട്ടിടം താമസാവശ്യത്തിനായി ഉപയോഗപ്പെടുത്തിയിരുന്നതാണ്. ആയത് തരം മാറ്റി ആശുപത്രി ഉപയോഗത്തിന് വേണ്ടിയാക്കുന്നതിന് ടിയാൻ അപേക്ഷ സമർപ്പിച്ചത് എ3-2110/2020 /11.05.2020നാണ്. പ്രസ്തുത കെട്ടിടത്തിന്റെ ഭാഗമായി ഒന്നാം നില വിപുലപ്പെടുത്തുന്നതിനും രണ്ടാം നിലയുടെ നിർമ്മാണത്തിനുമായി സ്പെഷ്യൽ റസിഡൻഷ്യൽ വിഭാഗത്തിൽ ഉൾപ്പെടുത്തി 3.9.2019 ൽ നൽകിയ പെർമ്മിറ്റ് പുതുക്കി വാങ്ങേണ്ടതായിരുന്നു. എന്നാൽ പെർമ്മിറ്റ് പുതുക്കി വാങ്ങിയിട്ടില്ല. ടിയാളുടെ കെട്ടിടത്തിന് നിലവിൽ സ്പെഷ്യൽ റസിഡൻഷ്യൽ വിഭാഗത്തിൽ ഉൾപ്പെടുത്തി പെർമ്മിറ്റ് നൽകിയതിനാൽ ആ വിഭാഗത്തിന് അനുയോജ്യമായ മാനദണ്ഡങ്ങളാണ് പെർമ്മിറ്റിന്റെ കാര്യത്തിൽ പരിഗണിച്ചിട്ടുണ്ടാവുക. നിലവിലെ കെട്ടിടം ആശുപത്രി എന്ന വിഭാഗത്തിലേക്ക് മാറ്റിയതിനാൽ ഗ്രൂപ്പ് സി (ആശുപത്രികൾ

ഉൾപ്പെടുന്ന വിനിയോഗ ഗണം) ക്ക് ബാധകമായ മാനദണ്ഡങ്ങൾ കെട്ടിടം നിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടോ എന്നത് പരിശോധന വിധേയമാക്കേണ്ടതാണ്. നിർമ്മാണം നടത്തുന്നത് അംഗീകൃത പ്ലാനിന്റെ വ്യവസ്ഥകൾക്ക് വിധേയമല്ല എന്ന് പരിശോധനയിൽ കാണുന്ന പക്ഷം KPBR ചട്ടം 16 പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-29/27.7.2021)

## 1-28 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ ആകെ 77 വിമുക്ത ഭടൻമാർക്ക്/അവരുടെ ഭാര്യമാർക്ക് വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയിട്ടുള്ളതാണ്. എന്നാൽ 52 അപേക്ഷകൾക്ക് മാത്രമേ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം ലഭ്യമായതായി കാണുന്നുള്ളൂ. ബാക്കി 25 പേർ അപേക്ഷ നൽകിയതായോ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം നേടിയതായോ കാണുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/26.07.2021) ഓരോ വർഷവും അപേക്ഷകൾ വാങ്ങി ഒഴിവാക്കുന്ന രീതിയിലല്ല സഞ്ചയയിൽ നികുതി ഒഴിവ് നല്കിയിട്ടുള്ളതെന്നും ആയതിനാലാണ് 25 പേരുടെ അപേക്ഷകൾ ലഭ്യമാകാതിരുന്നതെന്നും തുടർന്ന വരുന്ന സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ സാധൂകരിക്കുന്നതിനായി സമർപ്പിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

26.05.2017 ലെ 106/2017/തസ്വഭവ ഉത്തരവ് പ്രകാരം വിമുക്തഭടൻമാർക്ക് നികുതി ഒഴിവ് ലഭിക്കുന്നതിനായി ഓരോ വർഷവും മാർച്ച് 31 ന മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. ഇപ്രകാരമുള്ള അപേക്ഷകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വച്ച് അംഗീകാരം നേടിയെടുക്കേണ്ടതുമാണ്. നിലവിൽ 52 പേർ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ ബാക്കി 25 പേർക്ക് അപേക്ഷ സമർപ്പിക്കാതെ നികുതി ഒഴിവ് നൽകിയത് ശരിയായ നടപടിയല്ല. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങളും ഉത്തരവുകളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതാണ്.

## 1-29 മൊബൈൽ ടവറിന് പെർമ്മിറ്റ് നൽകൽ-തുടർ നടപടി ഇല്ല.

ഫയൽ നമ്പർ-2822/18.7.2019

റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനത്തിന് മൊബൈൽ ടവർ സ്ഥാപിക്കുന്നതിനായി എ6-BA (263620)/2019/22.7.2019 പ്രകാരം പെർമ്മിറ്റ് അനുവദിച്ചിരുന്നു. പെർമ്മിറ്റിന്റെ കാലാവധി 22.9.2020 വരെയായിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ കമ്പനി നാളിതുവരെ പെർമ്മിറ്റ് പുതുക്കുന്നതിനോ പണി പൂർത്തീകരിച്ച് നമ്പറിങ്ങിനോ വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ചത് പരിശോധന വിധേയമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 13/26.7.2021 ) മറുപടിയായി ടവർ നിർമ്മാണം മാത്രം പൂർത്തീകരിച്ചതായും അനുബന്ധ കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടില്ല എന്നും മറുപടി നൽകി. അനുബന്ധ കെട്ടിടങ്ങൾ അംഗീകരിച്ച നൽകിയ പ്ലാനിൽ ഉണ്ട്. സ്ഥാപനവുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 വസ്തു നികുതി- സഞ്ചയയിൽ കെട്ടിടങ്ങളുടെ അസ്സസ്സ്മെന്റ് പൂജ്യം ആയി കാണുന്നു

2019-20 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി ഒഴിവ് നൽകിയിട്ടുള്ള വിമുക്ത ഭടൻമാരുടെ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന വീടുകൾക്ക് വസ്തു നികുതി പൂജ്യം ആയിട്ടാണ് അസ്സസ്സ്മെന്റ് നടത്തിയിട്ടുള്ളത്.

| പേര് | വാർഡ് | നമ്പർ |
|---|---|---|
| ഗംഗാധരൻ | 1 | 332 |
| വിജയലക്ഷ്മി | 2 | 70 |
| ശശി | 2 | 302 |
| പ്രേമലത | 2 | 461 |
| ഡേവിഡ് | 2 | 523 |
| ഉഷ | 3 | 412 A |
| ഭാസ്കരൻ | 10 | 58 |
| മോഹനൻ | 10 | 240 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/26.07.2021) അപാകതകൾ പരിഹരിക്കുന്നതാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. നിലവിൽ ഇത്തരത്തിൽ അസ്സസ്സ്മെന്റ് നടത്തിയിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി നികുതി പുനർനിർണ്ണയം നടത്തി അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-31 തൊഴിൽ നികുതി - ജീവനക്കാരുടെ തൊഴിൽ നികുതി രണ്ടാം അർദ്ധവർഷത്തിൽ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്. ( കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).
ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന രണ്ട് സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധ വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1. | അവിട്ടത്തൂർ മഹാദേവ ക്ഷേത്രം | 2019-20 | II | 7 |
| 2. | ബ്ലോക്ക് പ്രോഗ്രാം ഓഫീസ് | | | 9 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.11/19-20 തീയതി:23.07.2021) 2019-20 സാമ്പത്തികവർഷത്തിൽ രണ്ടാം അർദ്ധവർഷത്തെ ജീവനക്കാരുടെ ലിസ്റ്റ് സഹിതം തൊഴിൽ നികുതി എത്രയും വേഗം അടവാക്കുവാൻ സ്ഥാപന മേധാവിയോട്

ആവശ്യപ്പെടുന്നതാണെന്നും ആയത് അടവാക്കുന്ന മുറയ്ക്ക് ടി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല

1. 2019-20 സാമ്പത്തികവർഷത്തിൽ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് ആയത് ഡിമാൻഡ് രജിസ്റ്ററുമായി ഒത്തുനോക്കിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1. | ജിയന്ന ഫാഷൻ | 2019-20 | 40 |
| 2. | Trinity Indane Service( GAS AGENCY) | | 5 |
| 3. | ജനത എഞ്ചിനീയറിംഗ് വർക്ക്സ് | | 8 |
| 4. | ഹരിശ്രീ ബെൽ മെറ്റൽ | | 25 |
| 5. | സുജ സ്റ്റീൽ ഫാബ്രിക്കേറ്റേഴ്സ് | | 4 |
| 6. | ജനത പപ്പടം | | 11 |
| 7. | വൈറ്റ്ഹൗസ് ബ്രിക്സ് & ടൈൽസ് | | 6 |
| 8. | അമ്മ സോ മിൽ | | 5 |
| 9. | CCM Traders Pvt. Ltd | | 25 |
| 10. | സൂര്യ സ്റ്റേഷനറി | | 8 |
| 11. | ബാദുഷ ഹോളോബ്രിക്സ് | | 3 |
| 12. | ജനത സോ മിൽ | | 4 |
| 13. | ജനത എഞ്ചിനീയറിംഗ് വർക്ക്സ് | | 8 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.26/19-20 തീയതി:27.07.2021 ) അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുകയും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതുമായ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തികവർഷത്തെ ജീവനക്കാരുടെ ലിസ്റ്റ് സഹിതം തൊഴിൽ നികുതി എത്രയും വേഗം അടവാക്കുവാൻ സ്ഥാപന മേധാവിയോട് ആവശ്യപ്പെടുന്നതാണെന്നും ആയത് അടവാക്കുന്ന മുറയ്ക്ക് പ്രസ്തുത വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്.

2. 2019-20 സാമ്പത്തികവർഷത്തിൽ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് ആയത് ഡിമാൻഡ് രജിസ്റ്ററുമായി ഒത്തുനോക്കിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | തൊഴിലാളികളുടെ എണ്ണം | തൊഴിൽ നികുതി അടച്ചവർ | ഇനി അടക്കേണ്ടവർ |
|---|---|---|---|---|---|
| 1. | ബെൽവിക്സ്, നടവരമ്പ് | 2019-20 | 50 | 5 | 45 |
| 2. | ആൻസ് | 2019-20 | 60 | 28 | 32 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 22/19-20,20-21 തീയതി:26.07.2021) ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുകയും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നിരിക്കുന്നതുമായ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തികവർഷത്തെ ജീവനക്കാരുടെ ലിസ്റ്റ് സഹിതം തൊഴിൽ നികുതി എത്രയും വേഗം അടവാക്കുവാൻ സ്ഥാപന മേധാവിയോട് ആവശ്യപ്പെടുന്നതാണെന്നും ആയത് അടവാക്കുന്ന മുറയ്ക്ക് പ്രസ്തുത വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ഉടമ്പടി പ്രകാരം പഞ്ചായത്തിന് സൌജന്യമായി ലഭിച്ച സ്ഥലം പാട്ടത്തിന് നൽകാനെടുത്ത ഭരണസമിതി തീരുമാനം - പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് അനുസൃതമല്ല

ഗ്രാമപഞ്ചായത്തിലെ കൊറ്റനെല്ലൂർ വില്ലേജ് 343/5 സർവ്വേ നമ്പറിൽപ്പെട്ട പത്ത് സെന്റ് സ്ഥലം 13/8/93 ലെ 1938 നമ്പർ ഉടമ്പടി പ്രകാരം ഫ്രന്റ്സ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബും അതേ സർവ്വേ നമ്പറിൽ നാൽപത് സെന്റ് സ്ഥലം കുറുപ്പത്ത് വീട്ടിൽ കൃഷ്ണൻ മകൻ വിജയനും ഗ്രാമപഞ്ചായത്തിന് സ്പോർട്സ് സ്റ്റേഡിയം നിർമ്മിക്കുവാനായി സൗജന്യമായി നൽകിയിരുന്നു. ഫ്രന്റ്സ് ക്ലബ്ബ് ഇപ്പോൾ നിരഞ്ജന സാംസ്കാരികനിലയം എന്ന പേരിലാണ് പ്രവർത്തിക്കുന്നത്. സാംസ്കാരികനിലയം പ്രസിഡന്റ് 29/6/19 ന് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയാണ് മേൽപറഞ്ഞ വിഷയത്തിന് ആധാരം. ഈ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള കാര്യം അമ്പത് വർഷങ്ങൾക്ക് മുമ്പ് കളിസ്ഥലം നിർമ്മിക്കുന്നതിനായി മൊത്തം 50 സെന്റ് സ്ഥലം സൗജന്യമായി നൽകിയെന്നാണ്. അമ്പത് വർഷമെന്നത് തെറ്റായ വസ്തുതയാണ്. അതായത് മേൽ വിഷയം നടന്നിട്ട് ഇരുപത്തെട്ട് വർഷമെ ആയിട്ടുള്ളൂ. അതിനാൽ തന്നെ ഈ അപേക്ഷക്ക് ആധികാരികതയില്ല. ഭൂമി നൽകി ഇതുവരെ അത് പ്രസ്തുത ആവശ്യത്തിന് വേണ്ടി ഉപയോഗിക്കാത്തതിനാൽ അത് സാംസ്കാരികപ്രവർത്തനങ്ങൾക്ക് വേണ്ടി മാത്രം സൗജന്യമായോ, പാട്ടത്തിനോ നൽകണമെന്നായിരുന്ന അപേക്ഷയിൽ സൂചിപ്പിച്ചിരുന്നത്. ഈ വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതി അജണ്ടയായി എടുത്തപ്പോൾ എട്ട് അംഗങ്ങളും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വിയോജിപ്പ് പ്രകടിപ്പിച്ചു (തീരുമാനം നം.4(3)/29/6/19). തുടർന്ന് ഈ വിഷയം 28/9/19ന് വീണ്ടും അജണ്ടയായി എടുക്കുകയും എട്ട് അംഗങ്ങളുടെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും വിയോജിപ്പോടുകൂടി 4(1) നം തീരുമാനപ്രകാരം സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേണ്ടി മാത്രം ഉപയോഗിക്കുവാനായി നിരഞ്ജന

സാംസ്കാരികനിലയത്തിന് 99 വർഷത്തേക്ക് സെന്റിന് ഒരു രൂപ നിരക്കിൽ അഡ്വാൻസ് സ്വീകരിച്ച് പാട്ടത്തിന് നൽകുവാൻ തീരുമാനിച്ചു. 2005 ലെ കേരള പഞ്ചായത്ത് രാജ് വസ്തു ആർജ്ജിക്കലും കയ്യൊഴിയലും ചട്ടങ്ങളിലെ ചട്ടം 11 അനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ ടെന്ററോ, പരസ്യലേലമോ മുഖേനയേ ഗ്രാപഞ്ചായത്ത് വക സ്ഥലം കയ്യൊഴിയുവാൻ കഴിയൂ എന്ന് സെക്രട്ടറി അറിയിച്ചു. വർഷങ്ങൾക്ക് മുമ്പ് ഉണ്ടാക്കിയ ഉടമ്പടി പ്രകാരം സ്ഥലം കളിസ്ഥലമായി ഉപയോഗിക്കുവാൻ വേണ്ടി സൗജന്യമായി നൽകുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് തിരികെ നൽകുവാനൊന്നും വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്.

13-ാം പദ്ധതി മാർഗരേഖ സ.ഉ.(കൈ)11/18/ത.സ്വ.ഭ.വ, തീ.29/1/18ലെ മാർഗ്ഗനിർദ്ദേശങ്ങളിൽ 7.1 നം ഖണ്ഡികയിൽ അനുശാസിക്കുന്നത് കായിക പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്ത് ഇടപെടണമെന്നും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു മിനി സ്റ്റേഡിയവും ഓരോ വാർഡിലും ഒരു കളിസ്ഥലമെങ്കിലും ഉണ്ടാകണമെന്നുമാണ്. ഭാവിയിൽ കളിസ്ഥലം നിർമ്മിക്കുവാൻ സർക്കാർ നിർദ്ദേശം വരികയാണെങ്കിൽ ആയതിനുള്ള ഫണ്ട് കൂടി അനുവദിക്കുകയാണെങ്കിൽ അൻപത് സെന്റ് സ്ഥലം കയ്യൊഴിയുന്നപക്ഷം /പാട്ടത്തിന് നൽകുന്ന പക്ഷം ഗ്രാമപഞ്ചായത്തിന് പദ്ധതി നടപ്പിലാക്കുവാൻ ബുദ്ധിമുട്ട് വരുന്നതാണ്. ഇതിനായി പൊന്നും വില കൊടുത്ത് ഭൂമി ആർജ്ജിക്കേണ്ടി വരുന്നതുമാണ്. സ്ഥലം 99 വർഷത്തിന് പാട്ടത്തിനായി നൽകുവാനെടുത്ത തീരുമാനം സാധൂകരിക്കുന്നതിന് വേണ്ടി 10/6/19 ന് A3-3640/19 നം കത്ത് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ടെങ്കിലും ആയതിന് നാളിതുവരെ സാധൂകരണം ലഭിച്ചിട്ടില്ല. പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് അനുസൃതമായി മാത്രം തീരുമാനങ്ങൾ എടുക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.
മേൽ വിഷയത്തിലെ തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 എസ് എസ് കെ ക്ക് വിഹിതം നൽകൽ- എസ് സി & ജനറൽ പദ്ധതികൾ -കൃത്യമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പദ്ധതി നമ്പർ-0066/20 ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്, ജിയുപിഎസ് കട്ടപ്പശ്ശേരി

ബിൽ നമ്പർ -1/29.07.2019-500000/-

2. പദ്ധതി നമ്പർ-0071/20 എസ് സി

നിർവ്വഹണ ഉദ്യോഗസ്ഥ -ഹെഡ്മിസ്ട്രസ്, ജിയുപിഎസ് കട്ടപ്പശ്ശേരി

ബിൽ നമ്പർ -2/28.09.2019-600000/-

2019-20 വർഷത്തെ എസ് എസ് കെ വിഹിതം ഇനത്തിൽ 11 ലക്ഷം രൂപ എസ് എസ് കെക്ക് കൈമാറിയിട്ടുണ്ട്. എസ് എസ് കെ ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 81,07,918/- രൂപയാണ് വേളൂക്കര പഞ്ചായത്തിൽ ചെലവഴിക്കുന്നതിന് എസ് എസ് കെ ലക്ഷ്യമിട്ടിരുന്നത്. ആയതിന്റെ 40 ശതമാനം ആയ 32,43,170/-രൂപ നൽകുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പഞ്ചായത്ത് 2 പദ്ധതികളിലായി 11 ലക്ഷം രൂപയാണ് നൽകിയത്. എസ് എസ് കെ നൽകിയ ധനവിനിയോഗ സാക്ഷ്യപത്രത്തിൽ പഞ്ചായത്തിലെ ആകെ ചെലവായി കാണിച്ചിരിക്കുന്നത് 1679300/-രൂപയാണ്. ആയതിന്റെ 40 ശതമാനം എന്നത് 671720/-രൂപ മാത്രമാണ്. ആയതിനാൽ പഞ്ചായത്ത് നൽകിയ 11 ലക്ഷം രൂപയിൽ അധികം നൽകിയ തുക (428280/-) തുടർന്നുള്ള വർഷങ്ങളിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ 6 ലക്ഷം രൂപ എസ് സി വിഹിതം നൽകിയത് സംബന്ധിച്ച് കൃത്യമായ ധനവിനിയോഗ സാക്ഷ്യപത്രം (എത്ര എസ് സി കുട്ടികൾക്കായി എത്ര തുക ചെലവഴിച്ചു) എസ്എസ് കെയിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-8/23.07.2021 )

## 1-35 എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ-അംഗീകാരമില്ലാത്ത കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥിക്ക് നൽകി.

പദ്ധതി നമ്പർ-77/20

നിർവ്വഹണ ഉദ്യോഗസ്ഥ- ഹെഡ്മിസ്ട്രസ്, ജിയുപിഎസ് കട്ടപ്പശ്ശേരി

ബിൽ നമ്പർ-3/18.1.20-71600/-

4/20/18.1.20-20760/-

5/20/25.2.20-115170/-

7/20/16.3.20-6980/-

2019-20 ൽ നടപ്പിലാക്കിയ എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ എന്ന പദ്ധതിയിൽ ഫർണ്ണീച്ചർ നൽകിയ ജിഷ്ണ ചന്ദ്രൻ.കെ, കാരയിൽ, നടവരമ്പ് എന്ന വിദ്യാർത്ഥിനി സ്മാർട്ട് മീഡിയ കോളേജ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ പഠിക്കുന്നതായാണ് സാക്ഷ്യപത്രം സമർപ്പിച്ചിരിക്കുന്നത്. ടി സ്ഥാപനം സർക്കാർ അംഗീകാരമുള്ളതാണോ/യൂണിവേഴ്സിറ്റി അഫിലിയേഷൻ ഉള്ള സ്ഥാപനമാണോ എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ-28/27.7.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ സുതാര്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതിനും ഓഡിറ്റിന് പരിശോധനക്ക് ഹാജരാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-36 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ- മരുന്ന് വാങ്ങൽ -മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.

പദ്ധതി നമ്പർ- 003 /20

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പിഎച്ച്സി

ബിൽ നമ്പർ-5/22.10.2019(167639/-രൂ)

മേൽ പദ്ധതിയിൽ മരുന്ന് വാങ്ങലിനായി 99999/-രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറി . എന്നാൽ താഴെ പറയും പ്രകാരം 89651/-രൂപയുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ മാത്രമേ ഫയലിൽ ഉള്ളൂ.

| ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|
| 7114/28.10.2019 | 1694 |
| | |

| | |
|---|---|
| 9058/4.12.2019 | 16103 |
| 10889/13.02.2020 | 40244 |
| 12171/18.3.2020 | 20302 |
| 2018/9.5.2020 | 9600 |
| 3220/27.5.2020 | 1708 |
| ആകെ | 89651 |

ബാലൻസ് തുകക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 പെയിൻ ആൻ്റ് പാലിയേറ്റീവ് -ഹോംകെയർ ടീമിനുള്ള ഭക്ഷണ ചെലവ് തുക ഹോട്ടലിന് നൽകേണ്ടതിനു പകരം ആശാ വർക്കറുടെ അക്കൗണ്ടിലേക്ക് നൽകി.

പദ്ധതി നമ്പർ- 003 /20

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, പിഎച്ച്സി

പെയിൻ ആൻ്റ് പാലിയേറ്റീവ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഹോംകെയർ ടീമിനുള്ള ഭക്ഷണം ഹോട്ടൽ സൽക്കാരയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. 2019-20 വർഷത്തിൽ മുഴുവനും ടി ഹോട്ടലിൽ നിന്ന് തന്നെയാണ് ഭക്ഷണം വാങ്ങിയിട്ടുള്ളത് . എന്നാൽ ഓരോ ബില്ലിൽ നിന്നും ഭക്ഷണ അലവൻസിനായി മാറ്റുന്ന തുക ആശാ വർക്കർ മിനി എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് (SBI അക്കൗണ്ട് നമ്പർ-67155592264) നൽകുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

| ബിൽ നമ്പർ/ തീയതി | തുക | ആശാ വർക്കറുടെ അക്കൗണ്ടിലേക്ക് മാറ്റിയ തുക |
|---|---|---|
| 1/24.6.2019 | 66440 | 7040 |
| 2/26.7.2019 | 34180 | 3980 |
| 3/6.9.2019 | 36230 | 3360 |
| 5/22.10.2019 | 167639 | 7040 |
| 8/8.11.2019 | 83720 | 3600 |
| 9/10.12.2019 | 34940 | 3840 |
| 13/14.1.2020 | 32560 | 3360 |
| 16/10.2.2020 | 39120 | 3440 |
| 18/11.3.2020 | 5095 | 3680 |
| ആകെ | | 39340/-രൂപ |

ഇത് ശരിയായ നടപടി അല്ല. തുടർ പദ്ധതികളിൽ ഭക്ഷണത്തിന്റെ ചെലവ് ഭക്ഷണം വാങ്ങിയ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 മോണിറ്ററിങ് റിപ്പോർട്ട് ഫയലിലില്ല-വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതിന്റെ രേഖപ്പെടുത്തലില്ല

13 ാം പദ്ധതി മാർഗരേഖയിലെ (സ.ഉ (കൈ)11/18/ത.സ്വ.ഭ.വ/തിരുവനന്തപുരം /20/1/18) ഖണ്ഡിക 13.1 അനുസരിച്ച് വർക്കിങ് ഗ്രൂപ്പുകൾ മോണിറ്ററിങ് നിർവഹിക്കണമെന്ന് നിർദേശിക്കുന്നുണ്ട്. പദ്ധതി നിർവഹണത്തിന് ശേഷം വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടതും മോണിറ്ററിങ് റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ഭരണസമിതിക്കും സമർപ്പിക്കേണ്ടതുമാണ്. പക്ഷേ 2019-20, 2020-21 വർഷങ്ങളിൽ സെക്രട്ടറി നടപ്പിലാക്കിയ യാതൊരു പ്രൊജക്ടിന്റെ ഫയലിലും മോണിറ്ററിങ് റിപ്പോർട്ട് ഉള്ളടക്കം ചെയ്തിട്ടില്ല. മാത്രമല്ല, വർക്കിങ് ഗ്രൂപ്പിന്റെ മിനിറ്റ്സുകളിലൊന്നിലും അവർ മോണിറ്ററിങ് നടത്തിയതിന്റെ രേഖപ്പടുത്തലില്ല.

പദ്ധതി രൂപീകരണം, നിർവഹണം എന്നിവ പോലെ പ്രധാനമായ ഒന്നാണ് മോണിറ്ററിങ്. ഫലപ്രദമായ മോണിറ്ററിങ് ഉണ്ടെങ്കിലേ, പുതിയ പദ്ധതികൾ കുറ്റമറ്റരീതിയിൽ ആസൂത്രണം ചെയ്യുവാൻ കഴിയൂ. ആയതിനാൽ പദ്ധതി നടത്തിപ്പിലെ ആധികാരികത ഉറപ്പുവരുത്തുവാൻ മോണിറ്ററിങ് റിപ്പോർട്ട് തയ്യാറാക്കാൻ ശ്രദ്ധചെലുത്തേണ്ടതാണ്.

ഇത് സംബന്ധിച്ച് 33/28/7/21,36/28/7/21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഭാവിയിൽ എല്ലാ പ്രൊജക്റ്റുകളുടെയും മോണിറ്ററിങ് നടത്തി രേഖകൾ ആധികാരികമാക്കി സൂക്ഷിക്കുമെന്ന് നിർവഹണോദ്യോഗസ്ഥരായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അസി.എൻജിനീയറും അറിയിച്ചു.

## 1-39 കുഴിച്ചെടുത്ത മണ്ണ് ലേലം നടത്തിയിട്ടില്ല

ഷോപ്പിങ് കോംപ്ളക്സിലെ നിർമാണപ്രവൃത്തികൾക്കായി കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസി.എൻജിനീയർ |
| പ്രൊജക്റ്റ് നം | 245/20 |
| അടങ്കൽ | 1000000 |
| ഫണ്ട് | തനത് |
| കരാറുകാരൻ | ആലീസ് ജോസ് |
| കരാർ | 1AE/LSGD/VLK/19-20/29/5/19 |
| അളവുപുസ്തകം | 241/18-19,241/18-19,252/18-19,273/17-18 |
| വൌച്ചർ നം | 21901158/6/1/20,989202 രൂപ |

ഗ്രാമപഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് ചുറ്റമതിൽ, റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക്, ഇന്റർ ലോക്കിങ് ടൈൽ വിരിക്കൽ, ഗേറ്റ് സ്ഥാപിക്കൽ, പ്ലംബിങ് എന്നിവയാണ് പദ്ധതിയിൽ ഉൾപെട്ട പ്രവൃത്തികൾ.

പ്രവൃത്തിയുടെ മൂന്നാം ഇനമായി താഴെ കാണിക്കും പ്രകാരം മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.

| അളവുപുസ്തകം | പേജ് | അളവ് |
|---|---|---|
| 242/18-19 | 1 | 185.34m3 |
| ,, | 2 | 18.33m3 |
| ,, | 13 | 33.18m3 |

ഇപ്രകാരം ആകെ 236.85 M3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ആദ്യരണ്ട് പേജുകളിൽ രേഖപ്പെടുത്തിയ മണ്ണ് ആക്കപ്പിള്ളിപ്പാടത്തുള്ള പി.എച്ച്.സി കോമ്പൗണ്ടിൽ കൊണ്ടുപോയി നിക്ഷേപിച്ചതായി അസി.എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പക്ഷെ 33.18 M3 മണ്ണ് എന്ത് ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഈ പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച മണ്ണ് ലേലം ചെയ്യുന്നതിനായി ശുപാർശ ചെയ്ത് ഗ്രാമപഞ്ചായത്തിലേക്ക് അറിയിച്ചതായോ, ലേലം നടത്തിയതിന്റെ വിവരമോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2019-20, 2020-21 വർഷങ്ങളിലെ വാർഷികകണക്കുകൾ പ്രകാരം ഈ ഇനത്തിൽ വരവൊന്നുമില്ല. മണ്ണ് ഇത്രയും കാലമായിട്ടും ലേലം നടത്തി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 30/27/7/21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മണ്ണ് പി.എച്ച്.സി, കോമ്പൌണ്ടിൽ അട്ടിയിട്ടിരിക്കുകയാണെന്നും ലേലം ചെയ്യുവാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കുമെന്നും സൂചിപ്പിച്ചു. 33.18M3മണ്ണ് എൻക്വയറി നൽകിയതിനെ തുടർന്ന് ഏറ്റവുമടുത്തുള്ള ഗ്രൗണ്ട് നിരപ്പാക്കുവാൻ ഉപയോഗിച്ചുവെന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തുകയാണുണ്ടായത്. ഈ ഗ്രൗണ്ട് എവിടെ എന്നുള്ളതിന് അളവുപുസ്തകത്തിൽ വ്യക്തത ഇല്ല.
അളവുസ്തകത്തിൽ വേണ്ട വിവരങ്ങൾ അപ്പപ്പോൾ തന്നെ രേഖപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് വരുത്തുന്ന രേഖപ്പെടുത്തലുകൾ തൃപ്തികരമായ മറുപടിയല്ല. കുഴിച്ചെടുത്ത മണ്ണ് എത്രയും വേഗം ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-40 പദ്ധതി നിർവഹണവും പദ്ധതിച്ചെലവും

സാമ്പത്തികവർഷം സ്പിൽ ഓവർ ഉൾപ്പെടെ 203 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ 95 പ്രൊജക്ടുകൾക്ക് തുക ചെലവിടാൻ മാത്രമേ കഴിഞ്ഞിട്ടുള്ളൂ. (53.25% പ്രൊജക്ടുകളുടെ ബാഹുല്യം നിർവഹണത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ടെന്ന് കാണാവുന്നതാണ്. അതേ സമയം 62824202 രൂപയായിരുന്ന പദ്ധതി അടങ്കൽ പക്ഷെ 29265753 രൂപയെ ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. പദ്ധതി അടങ്കലുമായി താരതമ്യപ്പെടുത്തുമ്പോളിത് 58% മാത്രമാണ്. വിഭാവനം ചെയ്യുന്ന പ്രൊജക്ടുകളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്

## 1-41 നിർവഹണ ഉദ്യോഗസ്ഥൻ കരാറുകാരുമായി ചമച്ചിട്ടുള്ള കരാർ ആധികാരികമല്ല

2012 ലെ കേരള പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന മാർഗ്ഗനിർദേശങ്ങൾ പ്രകാരമല്ല ഗ്രാമപഞ്ചായത്തിൽ നിർവഹണോദ്യോഗസ്ഥൻ ആയ അസി.എൻജിനീയർ കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ മാന്വലിലെ യാതൊരു മാനദണ്ഡവും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.കരാറിലെ നാലാം നിബന്ധന പ്രകാരം കേരള ഡീറ്റയിൽഡ് സ്റ്റാന്റേഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് പ്രവൃത്തി നിർവഹിക്കേണ്ടത്. കാലഹരണപ്പെട്ട കരാർ മാതൃകയാണിത്.

2. എന്നാൽ കരാറുകാരുമായി ചമച്ചിട്ടുള്ള കരാറിലെ ഏഴാം നിബന്ധന പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തപക്ഷം പ്രവൃത്തികാലയളവിന്റെ 20% അധികസമയം അനുവദിക്കാം. തുടർന്നുവരുന്ന ആദ്യ മൂന്നുമാസത്തിനു കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ രണ്ട് ശതമാനം നിരക്കിലും പിഴ ഈടാക്കി പ്രവൃത്തി നിർവഹിക്കാം. എന്നാൽ 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ നിബന്ധന പ്രകാരം ആദ്യ മൂന്ന് മാസം പ്രവൃത്തിക്ക് വരാവുന്ന തുകയുടെ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള മൂന്ന് മാസം രണ്ട് ശതമാനം പിഴ ഈടാക്കിക്കൊണ്ടും പ്രവൃത്തി നിർവഹിക്കാം. ഇതിന് ശേഷം സമയം നീട്ടി നൽകുന്നതുമല്ല. യാതൊരു കാരണവശാലും പ്രവൃത്തികാലയളവിന്റെ അമ്പത് ശതമാനത്തിൽ കൂടുതൽസമയം നീട്ടി അനുവദിക്കുന്നതുമല്ല. 2012 ലെ KPWD മാന്വൽ പ്രകാരം കരാർ ചമക്കുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

3. വൈകി പൂർത്തീകരിക്കുന്ന പ്രവൃത്തികൾക്ക് പിഴ ഈടാക്കാൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അപ്രകാരമുള്ള സംഗതികളിൽ ആയത് ഈടാക്കി കാണുന്നില്ല. വൈകി പൂർത്തിയാക്കുന്ന കരാറുകാരിൽനിന്ന് പിഴ ഈടാക്കിത്തുടങ്ങിയാലേ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവർ ഉത്സാഹം കാണിക്കൂ.

കരാറുകാരുമായി ചമക്കുന്ന ഉടമ്പടികൾ ആധികാരികവും കുറ്റമറ്റതുമാകേണ്ടതാണ്. പുതിയ മരാമത്ത് വകുപ്പ് മാന്വലിലെ നിബന്ധനകൾ ജില്ലാ പഞ്ചായത്തിൽ നിർവഹിക്കപ്പെടുന്ന പ്രവൃത്തികളുടെ ഉടമ്പടികളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്, എന്നിരിക്കെ ഈ മാതൃക ഗ്രാമപഞ്ചായത്തിനും സ്വീകരിക്കാവുന്നതാണ്.
ഇതെക്കുറിച്ച് 33/28/7/21 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഭാവിയിൽ ആധികാരികമായി കരാർ ചമക്കുമെന്ന് അസി.എൻജിനീയർ അറിയിച്ചു.

## 1-42 ആസ്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ സ്ഥിരാസ്തികളുടെ മൂല്യം പ്രതിഫലിക്കുന്നില്ല. ഉദാഹരണമായി റോഡുകളുടെ മൂല്യം നിർണയിക്കുന്ന കാര്യത്തിൽ 1995 മുതൽക്കുള്ള നിർമാണച്ചെലവ്, അറ്റകുറ്റപ്പണിക്ക് വേണ്ടി വന്ന ചെലവ്, വാർഡ് നമ്പർ, തേയ്മാനം എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

780 മീറ്റർ നീളമുള്ള ആളൂക്കാരൻ റോഡ് ഗ്രാവൽ റോഡ് ആണ്. ഇത് 2009-10 ൽ ഭാഗികമായി അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടെങ്കിലും വേണ്ടിവന്ന ചെലവിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ 193 മീറ്റർ നീളമുള്ള കന്നമേൽക്കാട് തേപ്പിൽ റോഡ് 2008-09 ൽ ഭാഗികമായി റിപ്പയർ ചെയ്തു

ചെലവിന്റെ വിവരവുമില്ല.

## 1-43 ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് സർക്കാർ ഉത്തരവിനനുസൃതമല്ലാതെ തനതുഫണ്ടിൽ നിന്നും അടവാക്കുന്നു

ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് തനത് ഫണ്ടിൽ നിന്നടവാക്കുന്നത് സർക്കാർ ഉത്തരവിന് അനുസൃതമല്ല. കുടിവെള്ളപദ്ധതികളുടെ വൈദ്യുതിചാർജിനത്തിൽ വാർഷികകണക്കുകൾ പ്രകാരം 2019-20 ൽ 908523 രൂപയും 2020-21 ൽ 861053 രൂപയും ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം 1275/09/ത.സ്വ.ഭ.വ/30/5/09ലെ നിർദേശപ്രകാരം കുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ തുടർനടത്തിപ്പിനായി ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണ്. ജനറൽ വിഭാഗങ്ങളുടെ വൈദ്യുതിചാർജ് ഗുണഭോക്തൃസമിതി തന്നെ അടവാക്കേണ്ടതാണ്. പക്ഷെ ഗ്രാമപഞ്ചായത്തിൽ ജനറൽ വിഭാഗത്തിന്റെ കുടിവെള്ള കറന്റ് ചാർജ്ജും തനത് ഫണ്ടിൽ നിന്നുതന്നെയാണ് അടവാക്കുന്നത്.

കുടിവെള്ളപദ്ധതികളുടെ കറന്റ് ചാർജ് ഒടുക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ അടവാക്കുന്ന തുകമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ, വൗച്ചർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ ആധികാരികവിവരങ്ങൾ യഥാവിധി ചേർക്കുവാൻ നടപടികളെടുക്കേണ്ടതാണ്. പുതുതായി ആരംഭിച്ച ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ് തനത് ഫണ്ടിൽ നിന്ന് അടവാക്കുന്നതിനായി 4(1)/16/7/19 നമ്പർ ഭരണസമിതി തീരുമാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിയോജിപ്പ് രേഖപ്പെടുത്തിയെങ്കിലും ഭരണസമിതി പ്രസ്തുത തീരുമാനത്തിൽ ഉറച്ചുനിന്നതിനാൽ 10(1)/9/8/19 നമ്പർ തീരുമാനപ്രകാരം സർക്കാരിലേക്ക് ആയത് സാധൂകരിക്കുന്നതിനുള്ള കത്തയച്ചുവെങ്കിലും അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല. പാവപ്പെട്ട ജനങ്ങൾ ഉപയോഗിക്കുന്ന പദ്ധതി ആയതിനാലാണ് കുടിവെള്ളപദ്ധതികളുടെ കറന്റ് ചാർജ് തനത് ഫണ്ടിൽ നിന്ന് അടവാക്കുവാൻ 4(1)/16/7/19 നമ്പർ തീരുമാനപ്രകാരമെടുത്തത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

സർക്കാർ മാർഗനിർദേശങ്ങൾക്ക് അനുസൃതമല്ലാത്ത ചെലവാകയാൽ ഇക്കാര്യത്തിൽ സർക്കാരിൽനിന്നുള്ള സ്പഷ്ടീകരണം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് രാജ് ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായി തീരുമാനങ്ങൾ കൈക്കൊള്ളുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ അംഗങ്ങളെ ധരിപ്പിക്കുമെന്ന് ഇതെക്കുറിച്ച് 37/28/7/21 നുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

## 1-44 ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തനങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതി നടപ്പാക്കിയില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ 2019-20 പ്രൊജക്ടുകളിൽ ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തനങ്ങൾ എന്ന പേരിലുള്ള പ്രൊജക്ട് 200000 രൂപ അടങ്കലിൽ അംഗീകാരം നേടിയെങ്കിലും നടപ്പാക്കിയില്ല. 2020-21 ലും ജന്റർ വിഷയത്തിൽ പ്രൊജക്ട് ഇല്ല. 14.02.2018ലെ പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/തസ്വഭവ ഭാഗം 7.4 പ്രകാരം വനിതാവികസനത്തിന്റെ അടിസ്ഥാനമായി വർത്തിക്കേണ്ട ജന്റർറിസോഴ്സ്സെന്റർ, ജാഗ്രതാസമിതി, ജെന്റർ ഡെസ്ക് പ്രവർത്തനങ്ങൾക്കായി പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. 13-ാം പദ്ധതി കാലയളവിൽ പഞ്ചായത്തിൽ സ്ത്രീകളുടെ സാമൂഹ്യപദവി പഠനം പൂർത്തിയാക്കിയതായി രേഖകൾ ലഭ്യമായിട്ടില്ല. സമീപകാലസംഭവങ്ങളുടെ പശ്ചാത്തലത്തിൽ പഞ്ചായത്ത് തല / വാർഡ് തല ജാഗ്രതാസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത സർക്കാർ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ പഞ്ചായത്ത് തല മിനിറ്റ്സ് പ്രകാരം 21.06.2017 ന ശേഷം യോഗം ചേർന്നിരിക്കുന്നത് 24.2.2021നാണ്. വാർഡ് തലത്തിലും നാമമാത്രമായ യോഗങ്ങളാണ് ചേർന്നിരിക്കുന്നത്. ഓഡിറ്റ് എൻക്വയറിക്ക് (നം.23/27.7.21) നൽകിയ മറുപടിയിൽ വിഷയം അടിയന്തിരമായി ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തി 2021-22 വാർഷികപദ്ധതി റിവിഷനിൽ ഈ പദ്ധതി ഉൾപ്പെടുത്തുന്നതാണെന്ന സെക്രട്ടറി അറിയിച്ചു. മാർഗ്ഗരേഖാനിർദ്ദേശാനുസരണം നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-45 കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്;അധികവിഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രൊജക്ട് നം.19/20 കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 50 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി വൗച്ചർ നം.21901533/18.02.2020 പ്രകാരം 3,12,500/- രൂപയും, വൗച്ചർ നം.21901532/18.02.2020 പ്രകാരം 3,12,500/- രൂപയും, ചെക്ക് നമ്പർ 1407343/27.3.20, 1407344/28.3.20 എന്നിവ പ്രകാരം 6,25,000/- രൂപയും ഉൾപെടെ ആകെ 12,50,000/- രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ രസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവഹണത്തിനായി 30.11.19 ലെ 1(7) നം. തീരുമാന പ്രകാരം പട്ടേപ്പാടം ക്ഷീര സംഘത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനം ഹാജരാക്കിയ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഇടയ്ക്കുവെച്ച് കാലിത്തീറ്റ വാങ്ങുന്നത് നിർത്തിയതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അവസാനം തീറ്റ വാങ്ങിയ തീയതി |
|---|---|---|
| 1. | ജോസ് തീതായി | തീറ്റ വാങ്ങിയില്ല. |
| 2. | അപ്പുകുട്ടൻ | 17.12.20 |
| 3. | ബേബിഷാജു | 17.4.20 |
| 4. | തോമസ് ആളൂക്കാരൻ | 17.10.20 |
| 5. | ബിജു തത്തംപിള്ളി | 17.3.20 |

പദ്ധതിയിൽ തുടരാത്ത ഗുണഭോക്താക്കൾക്കായി അനുവദിച്ച വിഹിതം SLBP യിൽ നിന്നും തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതിക്കായി നൽകിയ 1250000 രൂപയ്ക്ക് എസ്.എൽ.ബി.പിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും പദ്ധതിയുടെ ഭൗതികനേട്ടം ഓരോ വർഷവും ഗ്രാമപഞ്ചായത്ത് പരിശോധിച്ച് വിലയിരുത്തേണ്ടതുമാണ്.

## 1-46 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയതിലുള്ള അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്പെക്ടർ

പദ്ധതി നം. - S001/20

അടങ്കൽ തുക- 800000/-

പ്ലാൻ ഫണ്ട്- 400000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-200000/-

ജില്ലാ പഞ്ചായത്ത് വിഹിതം-200000/-

ബിൽ നം 01/19-20 തീയതി 01.10.2019

02/19-20 തീയതി 26.10.2019

03/19-20 തീയതി 29.02.2020

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയ മേൽ പദ്ധതിയിൽ പട്ടേപ്പാടം സൊസൈറ്റിയിൽ പാൽ അളക്കുന്ന ബാബുരാജൻ എം.വി എന്ന വ്യക്തിയും കൊറ്റനല്ലൂർ സൊസൈറ്റിയിൽ പാൽ അളക്കുന്ന അനിത ബാബുരാജൻ എന്ന വ്യക്തിയും ഒരേ കുടുംബത്തിലെ അംഗങ്ങളാണ്. ടി വ്യക്തികൾക്ക് സബ്സിഡി ഇനത്തിൽ നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം &തീയതി | ബാബുരാജൻ എം വി | അനിത ബാബുരാജൻ |
|---|---|---|
| 01/19-20, 01.10.2019 | 9705/- | 10810/- |
| 02/19-20, 26.10.2019 | 4852/- | 5409/- |
| 03/19-20, 29.02.2020 | 1534/- | 8137/- |

ഇതു പ്രകാരം ആകെ 40447/- രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 22 /2018/ തസ്വഭവ. 14.02.2018 ലെ ഉത്തരവു പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4 രൂപയും അതുപ്രകാരം ഒരു കർഷകനു കൊടുക്കാവുന്ന പരമാവധി തുക 40,000 രൂപയിൽ കവിയുന്നില്ല എന്ന് ഉറപ്പാക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതലയാണ്. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരിക്കുന്ന മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് ഇപ്രകാരം സബ്സിഡി അനുവദിച്ചത് ക്രമവിരുദ്ധമാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/22.07.2021) ഇവർ രണ്ടു പേരും ഒരേ കുടുംബത്തിലെ അംഗങ്ങളാണെങ്കിലും രണ്ടു പേരുടെയും ഉപജീവന മാർഗ്ഗം പശു വളർത്തലാണെന്നും രണ്ടു പേരും ക്ഷീരസംഘത്തിൽ പാൽ അളന്നിട്ടുണ്ടെന്നും ആയതിന് ആനുപാതികമായി മാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളതുമെന്നും ഇതു പ്രകാരം ഒരു കർഷകനു 40000/- രൂപയിൽ അധികം നൽകിയിട്ടില്ല എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ശ്രീമതി. അനിത ബാബുരാജും ശ്രീ. ബാബുരാജും ഭാര്യാഭർത്താക്കൻമാരാണ്. ലൈവ് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ശ്രീ. ബാബുരാജിന്റെ പേരിൽ മാത്രമാണ് കന്നുകാലി ഫാം രജിസ്റ്റർ ചെയ്തിട്ടുള്ളത്. വ്യത്യസ്ത സൊസൈറ്റികളിൽ പാൽ അളന്ന് വ്യത്യസ്ത അക്കൗണ്ടുകൾ ഉപയോഗിച്ച് ഇത്തരത്തിൽ അനുവദനീയമായതിലും അധികം തുക സബ്സിഡി ഇനത്തിൽ കൈപ്പറ്റുന്നത് സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. ഇത്തരം അപാകതകൾ ഒഴിവാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അധികമായി നൽകിയ തുക 447/- രൂപ തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-47 ഭവന നിർമ്മാണം, പുനരുദ്ധാരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വി.ഇ.ഒ നടവരമ്പ് നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ നം.80/20 ലൈഫ് ഭവനനിർമ്മാണം (പട്ടികജാതി), പ്രൊജക്റ്റ് നം.57/20 വീട് വാസയോഗ്യമാക്കൽ (എസ്.സി) നിരീക്ഷിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.
1.ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം 26.12.2019 ൽ എഗ്രിമെന്റ് വെച്ച സിമി സജീവൻ പാലക്കപ്പറമ്പിൽ എന്ന ഗുണഭോക്താവിന് 30.12.19 ൽ 40,000 രൂപ കൈമാറിയെങ്കിലും നാളിതുവരെ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. 18.8.2020 ലെ ഭരണസമിതി തീരുമാനപ്രകാരം തുക തിരികെ ഈടാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തിയിരുന്നു. 5.10.2020 ന് ഗുണഭോക്താവിന് മുന്നറിയിപ്പ് കത്ത് നൽകി. ഗുണഭോക്താവ് വീടുപണി പുനരാരംഭിച്ചതായും നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.3/21.7.2021) നൽകിയ മറുപടിയിൽ വ്യക്തമാക്കി. പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2.പ്രൊജക്ട് നം.57/20വീട് വാസയോഗ്യമാക്കൽ (എസ്.സി) പദ്ധതി ഗുണഭോക്താവായ ടി.കെ വെന്നി, തൊമ്മാന ഹൗസ്(വാർഡ്5/240) 10.12.2019 ലെ എഗ്രിമെന്റ് പ്രകാരം 20,000 രൂപ 23.12.2019 ൽ കൈപ്പറ്റിയെങ്കിലും വാസയോഗ്യമാക്കൽ പ്രവൃത്തി ആരംഭിച്ച് പൂർത്തിയാക്കുന്നതിനായി തുടർന്നുള്ള ഗഡു കൈപ്പറ്റിയിട്ടില്ല. അപേക്ഷയോടൊപ്പം ഉടമസ്ഥൻ സമർപ്പിക്കേണ്ട എസ്റ്റിമേറ്റ് ലഭ്യമായില്ല. ആറുമാസത്തിനകം പണി പൂർത്തിയാക്കണമെന്ന എഗ്രിമെന്റ് വ്യവസ്ഥ പാലിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക (നം.3/21.7.2021) ലഭ്യമാക്കിയ മറുപടിയോടൊപ്പം എസ്റ്റിമേറ്റും, 16.7.2021 ന് അസി.എഞ്ചിനീയർ തയ്യാറാക്കിയ 20000 രൂപയുടെ വാല്വേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കി. വീട് വാസയോഗ്യമാക്കൽ പ്രവൃത്തികൾ പരമാവധി 6 മാസത്തിനുള്ളിൽ തന്നെ പൂർത്തിയാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 129600 | കിണർ റീച്ചാർജിംഗ്(ജനറൽ) 24/20 | 36000 | 93600 |
| | 2019-20 | 450000 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 0 | 450000 |
| | 2019-20 | 200000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് 85/20 | 168539 | 31461 |
| | 2019-20 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 1/20 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 180000 | ലൈഫ് ഭവനനിർമ്മാണം(ജനറൽ) 15/20 | 0 | 180000 |
| | 2019-20 | 200000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് 85/20 | 200000 | 0 |
| | 2019-20 | 80000 | വീട് വാസയോഗ്യമാക്കൽ(എസ്.ടി) | 0 | 80000 |
| | 2019-2000 | 30600 | വനിത ആടുവളർത്തൽ(എസ്.ടി) 28/20 | 0 | 30600 |
| | 2019-20 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 1/20 | 200000 | 0 |

മുൻ വർഷ കിണർ റീചാർജിനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന 216000/- രൂപയും, ലൈഫ് ഭവനനിർമ്മാണത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന (ജനറൽ) 3918/- ലൈഫ് ഭവന നിർമ്മാണിൽ (പട്ടികജാതി) നീക്കിയിരിപ്പ് ഉണ്ടായിരുന്ന 68548/- രൂപയും തൻവർഷം വിനിയോഗിച്ചിട്ടുണ്ട്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി വെള്ളാങ്കല്ലൂർ | ഗതാഗതതടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 41900038/11.06.2019 | 5600 | 5600 |
| കെ.എസ്.ഇ.ബി പുത്തൻചിറ | ഗതാഗതതടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21900686/09.10.2019 | 243 | 243 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ലോൺ | | 1160000 | 4833199 | 602941 | 0 | 5390258 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| | |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3.53.3 | 2006-07 | 3.53.3 | കുടിവെള്ള-ജലസേചന പദ്ധതികളുടെ തുടർ ചെലവുകൾ തനത്ഫണ്ടിൽ നിന്നും നൽകി | വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2014-15 | 2(1) | 2014-15 | 2(1) | തൊഴിൽനികുതി സംബന്ധിച്ച് | തുക ഈടാക്കിയിട്ടുണ്ട്. വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2(4) | 2015-16 | 2(1) | തൊഴിൽ നികുതി സംബന്ധിച്ച് | തുക ഈടാക്കിയിട്ടുണ്ട്. വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,33,55,600 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,59,19,475 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68 | എൽ.എഫ്.ടി.എസ്.2-1391/11/ തിയതി 26.07.2011/ 23.10.2011 |
| 71-72 | " |
| 72-73 | |
| 73-74 | |
| 74-75 | " |
| 75-76 | |
| 76-77 | " |
| 77-78 | |
| 80-81 | " |
| 81-82 | |
| 82-83 | |
| | |

| | |
|---|---|
| 83-84 | ″ |
| 85-86 | |
| 86-87, 87-88 | ″ |
| 88-89 | |
| 89-90 | |
| 90-91 | ″ |
| 91-92 | |
| 92-93,93-94 | ″<br>″<br>″<br>″<br>″<br>″<br>″<br>″<br>″<br>″<br>എൽ.എഫ്.ടി.എസ്.2-1391/11/തിയതി26.07.2011/23.10.2011 |
| 96-97 | എൽ.എഫ്.ടി.12-340/98/15.12.1998 |
| 97-98 | എൽ.എഫ്.ടി.9-815/99/12.01.2000 |
| 98-99 | എൽ.എഫ്.ടി.9-599/2000/02.09.2000 |
| 99-00 | എൽ.എഫ്.ടി.9-478/01/06.07.2001 |
| 2000-01 | എൽ.എഫ്.ടി.9-898/02/08.03.2002/31.03.2003 |
| 01-02 | എൽ.എഫ്.ടി.9-898/02/08.03.2002/31.03.2003 |
| 02-03 | എൽ.എഫ്.ടി.(പി.1)-493/12/29.02.2012/28.03.2012 |
| 03-04 | എൽ.എഫ്.ടി.9-1447/05/11.01.2006/25.05.2006 |
| 04-05 | എൽ.എഫ്.ടി.9-1678/08/26.08.2010 |
| 05-06 | എൽ.എഫ്.ടി.9-1679/08/28.08.2010/12.11.2010 |
| 06-07 | എൽ.എഫ്.ടി.9-638/10/15.12.2010/01.08.2011 |
| 07-08 | എൽ.എഫ്.ടി.പി.2- 576/12/22.09.2012/28.11.2012 |
| 08-09 | എൽ.എഫ്.ടി.പി.-577/12/03.09.2012/28.11.2012 |
| 09-10 | എൽ.എഫ്.ടി.പി.2-578/12/04.09.2012/28.11.2012 |
| 10-11 | എൽ.എഫ്.ടി.പി.2-579/12/04.09.2012/28.11.2012 |
| 11-12 | എൽ.എഫ്.ടി.പി.1-894/2013/02.01.04 |
| 12-13 | എൽ.എഫ്.ടി.(പി.1)-1027/14 /04.02.14/1.04.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ(പി1)194/16/18.2.2016 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(പി1)1226/16,24.7.16/30.7.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ(പി1)2148/16,31.1.17/ 13.2.17 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ(പി1) 1518/2017/തീ.30.11.17/16.12.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ(പി1)1777/2018 തീ. 16.01.2019 |

| | |
|---|---|
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി1)710/2020 തീ. 10.08.2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്